"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സംസ്ഥാന യുവജന കമ്മീഷൻ അധ്യക്ഷയായ കുമാരി ചിന്ത ജെറോമിന് കുടിശിക വേതനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

**കായിക യുവജനകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.37/2023/S&YA തീയതി, തിരുവനന്തപുരം, 23-01-2023

പരാമർശം:-

1. സ.ഉ (സാധാ) നം. 209 / 2016 /കാ.യു.വ തീയതി 04.10.2016
സ.ഉ (സാധാ) നം. 3/2017/കാ.യു.വ തീയതി 6.1.2017
2. 
3. സ.ഉ (അച്ചടി) നം. 5/2018/കാ.യു.വ തീയതി 26.5.2018
4. കേരള സംസ്ഥാന യുവജന കമ്മീഷൻ അധ്യക്ഷ ഡോ. ചിന്ത ജെറോമിന്റെ 20.8.2022-ലെ 698/എ1/2018/കേ.സം.യു.ക നമ്പർ കത്ത്
5. സ.ഉ (സാധാ) നം. 231/2022/S&YA തീയതി 26.9.2022
6. ധനകാര്യ (വിദ്യാഭ്യാസ-ബി) വകുപ്പിന്റെ 28.11.2022ലെ 309702/EDN-B2/166/2016-FIN നമ്പർ അനൗദ്യോഗിക കുറിപ്പ്

**ഉത്തരവ്**

പരാമർശം (1) പ്രകാരം കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സനായി നിയമിതയായ കുമാരി ചിന്ത ജെറോമിന് കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നത് വരെ പരാമർശം (2) പ്രകാരം പ്രതിമാസം 50,000/-രൂപ അഡ്വാൻസ് ശമ്പളമായി നിശ്ചയിക്കുകയുണ്ടായി. തുടർന്ന് പരാമർശം (3) പ്രകാരം നിലവിൽ വന്ന കേരള സംസ്ഥാന യുവജന കമ്മീഷൻ ചട്ടങ്ങളിൽ ചെയർപേഴ്സന്റെ ശമ്പളം 1 ലക്ഷം രൂപയായി നിജപ്പെടുത്തുകയുണ്ടായി.

2. സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് പ്രത്യേകിച്ച് ഉത്തരവ് ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ചെയർപേഴ്സനായി നിയമിതയായതു മുതൽ ചട്ടങ്ങൾ രൂപവൽക്കരിക്കപ്പെട്ട കാലയളവ്വ് വരെ കൈപ്പറ്റിയ ശമ്പളത്തെ സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുകയാണ് എന്നും ആയതിനാൽ 14/10/2016 മുതൽ 25/05/2018 വരെയുള്ള

കാലയളവിൽ അഡ്വാൻസായി കൈപ്പറ്റിയ തുകയും യുവജന കമ്മീഷൻ ചട്ടങ്ങൾ പ്രകാരം നിജപ്പെടുത്തിയ ശമ്പളവും തമ്മിലുള്ള കുടിശ്ശിക അനുവദിക്കണമെന്നും യുവജന കമ്മീഷൻ ചെയർപേഴ്സൺ പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സൺ കുമാരി ചിന്ത ജെറോമിന് 06.01.2017 മുതൽ 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) പ്രതിമാസ വേതനം അനുവദിച്ചുകൊണ്ടും പരാമർശം (5) സർക്കാർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം.ശിവശങ്കർ
പ്രിൻസിപ്പൽ സെക്രട്ടറി

കുമാരി ചിന്ത ജെറോം, ചെയർ പേഴ്സൺ, കേരള സംസ്ഥാന യുവജന കമ്മീഷൻ,
തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന യുവജന കമ്മീഷൻ
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ (വിദ്യാഭ്യാസ-ബി) വകുപ്പ് (28.11.2022ലെ 309702/EDN-B2/166/2016-FIN നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. യുവജനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്